പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5022 — 28.10.2016 ലെ മറുപടിയ്ക്ക്

## രൂക്ഷമായ വരൾച്ചയും കൃഷിനാശവും പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.ഐ.ബി. സതീഷ് | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ലഭിക്കേണ്ട മഴയുടെ അളവ് ക്രമാതീതമായി കുറഞ്ഞതിനാൽ ഉണ്ടാകാനിടയുള്ള രൂക്ഷമായ വരൾച്ചയും അതുമൂലമുണ്ടാകുന്ന വൻ കൃഷിനാശവും പ്രതിരോധിക്കുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മഴക്കുറവ് മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.<br>ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക മാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശം എന്നിവ നൽകുന്നുണ്ട്. ഒഴുകി പോകുന്ന ജലം തടഞ്ഞ് നിർത്തുന്നതിനായി താല്ക്കാലിക തടയണകളും, കുളങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) വരൾച്ചമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കൃഷിനാശം സംബന്ധിച്ച കർഷകരിൽ നിന്ന് 10 ദിവസത്തിനകം അപേക്ഷ കൃഷി ഭവനിൽ സ്വീകരിക്കുകയും സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി കൃഷിനാശം തിട്ടപ്പെടുത്തി തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി നടപ്പു സാമ്പത്തികവർഷം എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; | (സി) | നടപ്പു സാമ്പത്തിക വർഷം വിളനാശത്തിന് ആശ്വാസ ധനസഹായമായി 17,04,64,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തുക അപര്യാപ്തമാണെങ്കിൽ ഈ ഇനത്തിൽ കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അധികമായി വേണ്ടി വരുന്ന 50 കോടി രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ